നം.കെഎസ്എ.കെടിഎം.പി.14/1959/2019 തീയതി 15.01.2020

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-03-2019 മുതൽ 31-10-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 21.12.19-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ സാബു സി. ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	11.12.2019 മുതൽ 21.12.2019 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി അനിതാകുമാരി കെ.എ.	ഓഡിറ്റ് ഓഫീസർ
	ശ്രീ. ഷാന്റി ജോർജ്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ. രഞ്ജിത് എം.	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീ.ജോഷി തോമസ്	ഓഡിറ്റർ

നിർവഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി സതി വിജയൻ	01-04-2018 മുതൽ 31.03.2019 വരെ
ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)	ഇന്ദിര ശിവദാസ്	01-04-2018 മുതൽ 6/01/19
	ഷീജാ സുബൈർ	1/02/19 മുതൽ 31/3/19 വരെ.
ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)	വിനോജ് എ.കെ.	01-04-2018 മുതൽ 31.03.2019 വരെ.
ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)	ലിൻസി ലാലച്ചൻ	01-04-2018 മുതൽ 31.03.2019 വരെ.

ചെയർപേഴ്സൺ (ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി)	ബാബു പി.എസ്.	01-04-2018 മുതൽ 31.03.2019 വരെ.
സെക്രട്ടറി	ശ്രീ രാരാരാജ് ആർ	01-04-2018 മുതൽ 31-03-2019 വരെ.

മറ്റ് നിർവഹണോദ്യോഗസ്ഥർ

കൃഷി ഓഫീസർ	ശ്രീമതി ബിജിമോൾ കെ. ബേബി	01-04-2018 മുതൽ 31/8/18 വരെ
	ശ്രീമതി അശ്വതി വിജയൻ	01-09-2018 മുതൽ 3-09-2018 വരെ
	ശ്രീ പരീഇദ്ദീൻ വി.എം.	04-09-2018 മുതൽ 31-03-2019 വരെ
വെറ്ററിനറി സർജൻ	ഡോ. സജിനി കെ.	01-04-2018 മുതൽ 3-12-2018 വരെ
	ഡോ. വിന്നിമോൾ ജോസ്	06-12-2018 മുതൽ 31-03-2019 വരെ.
മെഡിക്കൽ ഓഫീസർ, പിഎച്ച്സി, തലനാട്	ഡോ. രശ്മി പി. ശശി	01-04-2018 മുതൽ 5-06-2018 വരെ
	ഡോ. സുധീഷ് കെ.	06-06-2018 മുതൽ 31-03-2019 വരെ.
മെഡിക്കൽ ഓഫീസർ, ആയുർവേദം	ഡോ. സെറിൻ എസ്	01.04.2018മുതൽ 30.08.2018 വരെ.
	ഡോ. സീനിയ പി.കെ.	31.08.2018മുതൽ 30.11.2018 വരെ.
	ഡോ. സെറിൻ എസ്	01.12.2018

		മുതൽ 31.03.2019 വരെ
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	ശ്രീ സജിത് ഡി.	01.04.2018 മുതൽ 23.11.2018 വരെ.
	ശ്രീ ഫിലിപ്പ് തോമസ്	24.11.2018 മുതൽ 27.12.2018 വരെ.
	ശ്രീ ഷാൽബി ജോസഫ്	28.12.2018 മുതൽ 31.03.2019 വരെ.
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	ശ്രീ ഷാൻ കുമാർ കെ.പി.	26.11.2018 മുതൽ 31.03.2019 വരെ.
ഐസിഡിഎസ് സൂപ്പർവൈസർ.	ശ്രീമതി അജിത കെ.എസ്.	01.04.2018 മുതൽ 31.06.2018 വരെ
	ശ്രീമതി ആരിഫാ കെ.പി.	01.07.2018 മുതൽ 31.12.2018 വരെ
	ശ്രീമതി രഹീന	01.01.2019 മുതൽ 31.03.2019 വരെ
എച്ച്.എം. ഗവ.എൽ.പി.എസ്	ശ്രീ. ഐസക് ജോർജ് പി.	01-04-2018 മുതൽ 31-03-2019 വരെ.
അസി. എൻജിനീയർ, എൽ.എസ്.ജി.ഡി	ശ്രീമതി ദയ പുരുഷോത്തമൻ	01.04.2018 മുതൽ 24-06-2018 വരെ.
	ശ്രീമതി അനിതാകുമാരി എം ടി	25.06.2018 മുതൽ 02-08-2018 വരെ.
	ശ്രീ രാഘവൻ പി.വി.	09.08.2018 മുതൽ 08-10-2018 വരെ.

	ശ്രീമതി ദയ പുരുഷോത്തമൻ	10.10.2018 മുതൽ 15-12-2018 വരെ.
	ശ്രീമതി ഗ്രീഷ്മ കെ.ആർ.	17.12.2018 മുതൽ 19-12-2018 വരെ.
	ശ്രീ സൈജു ഒ.ബി.	20.12.2018 മുതൽ 4-01-2019 വരെ.
	ശ്രീമതി രജനി കെ.	05.01.2019 മുതൽ 31-03-2019 വരെ.
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	ശ്രീമതി ജിസാ ജോസഫ്	01.04.2018 മുതൽ 18-09-2018 വരെ.
	ശ്രീ ലതീഷ് കുമാർ പി.വി.	19.09.2018 മുതൽ 26-09-2018 വരെ.
	ശ്രീ ജോസഫ് എൻ.ജെ.	27.09.2018 മുതൽ 16-02-2019 വരെ.
	ശ്രീമതി ലതീഷ് കുമാർ പി.വി.	17.02.2019 മുതൽ 31-03-2019 വരെ.

ഉള്ളടക്കം

ഖണ്ഡിക നം.	**ഖണ്ഡിക**
ഭാഗം 1 – ഓഡിറ്റ് റിപ്പോർട്ട്	
1-1	ബജറ്റ്
1-2	ഫണ്ട് വിനിയോഗം
1-3	പദ്ധതി അവലോകനം

1-4	ആഭ്യന്തര നിയന്ത്രണം
1-5	ക്യാഷ് വെരിഫിക്കേഷൻ
1-6	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
1-7	വാർഷിക കണക്കുകളുടെ അവലോകനം
1-8	അക്കൗണ്ടുകളിൽ നിന്നും ബാങ്ക് ചാർജ്ജുകൾ ഈടാക്കുന്നത് സംബന്ധിച്ച്
1-9	ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്
1-10	തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്
1-11	വസ്തുനികുതി അനർഹമായി ഇളവുകൾ നൽകിയിരിക്കുന്നത് സംബന്ധിച്ച്
1-12	എൻ.പി.എസ്. വിഹിതം അടവാക്കിയിട്ടില്ല
1-13	ആവിഷ്കരിച്ച് പദ്ധതികൾ ഭൂരിഭാഗവും നടപ്പാക്കിയില്ല – വിവിധ ഫണ്ടിനങ്ങളിൽ ലഭിച്ച 61.24 ലക്ഷം രൂപ പാഴായി
1-14	ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് വേസ്റ്റ് ബിൻ നൽകൽ - വാങ്ങിയ ബിന്നുകൾ വിതരണം ചെയ്തിട്ടില്ല
1-15	പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ
1-16	ഗ്രാമസഭ അംഗീകരിക്കാത്ത വ്യക്തികൾക്ക് മുട്ടക്കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു
1-17	എസ്.എസ്.എ.വിഹിതം നൽകൽ - നിർവ്വഹണത്തിലെ അപാകതകൾ
1-18	നിക്ഷേപപ്രവൃത്തി - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല
1-19	ആശ്രയപദ്ധതി - സി.ഡി.എസ്.ന് കൈമാറിയ തുക ചെലവഴിച്ചിട്ടില്ല
1-20	ലൈഫ് പദ്ധതി അവലോകനം
ഭാഗം 2 – വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ	
2-1	വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഭാഗം 3 – ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ	
3-1	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
4-1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം
4-2	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
4-3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ
4-4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ
4-5	വായ്പ/വായ്പാ തിരിച്ചടവ്
4-6	സ്ഥിരനിക്ഷേപം
4-7	ഓഡിറ്റ് റിക്കവറി
4-8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം
4-9	ചാർജ്/സർചാർജ് നടപടികളുടെ വിവരം
4-10	ഓഡിറ്റ് പ്രത്യവലോകനം
4-11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ
അനുബന്ധം1	ഓഡിറ്റ് സാക്ഷ്യപത്രം
അനുബന്ധം 2	ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ
അനുബന്ധം 3	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19
അനുബന്ധം4	റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19

ഭാഗം -1
ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

24.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. (ബജറ്റ് അംഗീകരിച്ച തീയതി സകർമ്മയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇന്റർനെറ്റ് സംവിധാനം തകരാറിലായിരുന്നതിനാൽ ഇതേ തീയതിയിൽ അജണ്ട ചേർക്കാൻ സാധിക്കാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്).

ഇനം	ബജറ്റ് പ്രതീക്ഷ	യഥാർത്ഥം
മുന്നിരിപ്പ്	1170373	1241093.5
വരവ്	60105920	29028332
ആകെ	61276293	30269425.5

ചെലവ്	59803690	25642657
നീക്കിയിരിപ്പ്	1472603	4626768.5

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1-2 ഫണ്ട് വിനിയോഗം

(എ)

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത്
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	5873000	4862570	4862570	1010430
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	0	814000	762170	762170	51830
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)	0	2361000	1950620	1950620	410380
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	3802000	2047331	2047331	1754669
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	2780000	1448934	1448934	1331066
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)	0	2726000	1160378	1160378	1565622
എം.ജി.എൻ.ആർ.ഇ.ജി.എസ്.	404	11365775	11366179	11363987	2192

ബി) ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	52320	21
കർഷകതൊഴിലാളി പെൻഷൻ	1457500	115
വിധവാപെൻഷൻ	2137900	167
വാർദ്ധക്യകാലപെൻഷൻ	5640900	410
വികലാംഗപെൻഷൻ	1250700	97

1-3 പദ്ധതി അവലോകനം

തലനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാആസൂത്രണസമിതിയുടെ 1.3.19ലെ 490/18 /DPC/DPO/KTM നം. ഉത്തരവു പ്രകാരം അന്തിമഅംഗീകാരം ലഭിച്ചിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും വകയിരുത്തിയ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 3,60,14,543/- രൂപയും ആകെ ചെലവ് 1,41,57,197/- രൂപയുമാണ്. അംഗീകാരം ലഭിച്ച 107 പ്രോജക്ടുകളിൽ 71 എണ്ണം നടപ്പാക്കിയിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള താഴെപ്പറയുന്ന നടപടിക്രമം പാലിച്ചിട്ടുണ്ട്.

പദ്ധതി രൂപീകരണ ഗ്രാമസഭകൾ	20.2.19 മുതൽ 28.2.18 വരെ
ഭിന്നശേഷിക്കാരുടെ ഗ്രാമസഭ	18.06.18
വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ	7.2.18
വികസനസെമിനാർ	20.3.18

മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിലും വാർഷികപദ്ധതിരൂപീകരണം സൂക്ഷ്മ വിശകലനത്തിനു വിധേയമാക്കുമ്പോൾ പദ്ധതി ആസൂത്രണത്തിന്റെ വിവിധഘട്ടങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനു വേണ്ടി നാമമാത്രമായി മാത്രം നിർവ്വഹിച്ചിട്ടുള്ളതാണെന്നു കാണുന്നു. പദ്ധതി ആസൂത്രണപ്രക്രിയ ആരംഭിക്കുന്നതിനു മുന്നോടിയായി 12 വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിച്ചിട്ടുള്ളതായി പഞ്ചായത്ത്കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ദീർഘകാലവികസനപരിപ്രേക്ഷ്യം മുൻനിർത്തി സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുപ്രകാരമുള്ള ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിറവേറ്റിയിട്ടില്ല. അതതു വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക, അവസ്ഥാരേഖ പരിഷ്കരിക്കുക, അവസ്ഥാരേഖയെ അടിസ്ഥാനമാക്കി പ്രോജക്ടുകൾ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമെങ്കിൽ മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക തുടങ്ങിയുള്ള ചുമതലകൾ യഥാവിധി നിർവ്വഹിച്ചിട്ടില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. മേല്പറഞ്ഞ പ്രവർത്തനങ്ങൾക്കായി വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേരേണ്ടതാണെങ്കിലും 2018-19 വാർഷികപദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 7.2.18 തീയതിയിൽ ഒറ്റ യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. മുൻവർഷങ്ങളുടെ ആവർത്തനമായി ചില പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിനനുബന്ധമായി രൂപീകൃതമായ വാർഷികപദ്ധതിയിലും പതിവുപ്രോജക്ടുകൾ മാത്രമാണ് ഉണ്ടായിരുന്നത്.

പദ്ധതി രൂപീകരണത്തിൽ ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും സജീവപങ്കാളിത്തം ഇല്ലാതിരുന്നതിനാൽ കുറ്റമറ്റ രീതിയിൽ പ്രോജക്ടുകൾ രൂപീകരിക്കാനും നടപ്പാക്കാനും സാധിച്ചിട്ടില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകൾക്കുമേൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടമുണ്ടായിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിച്ച് ബിൽ സമർപ്പിക്കാതിരുന്നതിനാൽ 17 ബില്ലുകൾ ക്യൂ ലിസ്ററിൽപെടുകയും 41 ലക്ഷത്തോളം രൂപ ലാപ്സാകുകയും ചെയ്തിട്ടുണ്ട്. (ഖണ്ഡിക 1-3ലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു). സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നതിലും വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. വാർഷികപദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കുന്നതിന് ആസൂത്രണ/നിർവ്വഹണ ഘടകങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം ആവശ്യമാണ്.

1-4 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം ക്രമീകരിച്ചിട്ടുണ്ട്. ചെലവുകളുടെ സാധുത പ്രാഥമികമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കുമാരെയും അക്കൗണ്ടന്റിനെയും ഓഫീസ് ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പലതും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. വൗച്ചറുകളുടെയും ബിൽ രജിസ്റ്ററിന്റെയും സൂക്ഷിപ്പ് തൃപ്തികരമല്ല. നികുതി കുടിശിക ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി/ പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കുന്ന

പ്രോജക്ടുകളുടെ മേൽ ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സജീവമായ ഇടപെടൽ ഉണ്ടായിട്ടില്ല. 2018-19 വർഷം 7 അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് ഗ്രാമപഞ്ചായത്തിൽ നിർവ്വഹണോദ്യോഗസ്ഥരായി ചാർജെടുക്കുകയും കുറഞ്ഞ കാലയളവിനുള്ളിൽ സ്ഥലംമാറി പോകുകയും ചെയ്തിട്ടുള്ളത്. ഇപ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ കുറഞ്ഞ ഇടവേളകളിലെ സേവനം പദ്ധതി നിർവ്വഹണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കേണ്ടിയിരുന്ന പ്രോജക്ടുകളിൽ ഭൂരിഭാഗവും (91 എണ്ണം) നടപ്പാക്കാൻ സാധിക്കാതെ വന്നത് ഇക്കാലയളവിൽ സ്ഥിരമായി നിർവ്വഹണോദ്യോഗസ്ഥൻ ഇല്ലാതിരുന്നതിനാലാണ്. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവും അനുബന്ധ വിഷയങ്ങളും പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിന് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് കാരണമായ വിവിധ വിഷയങ്ങളിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകത പരിഹരിക്കേണ്ടതാണ്. ലോകബാങ്ക് ധനസഹായമിനത്തിലുള്ള തുക വകയിരുത്തി 1.6 കോടി രൂപ അടങ്കലിൽ മുൻവർഷങ്ങളിൽ ഏറ്റെടുത്ത മറയാട്ടിക്കൽ ചൊവ്വൂർ ഭാഗത്തേയ്ക്കുള്ള റോഡ് നിർമ്മാണവും റീട്ടെയിനിംഗ് വാൾ നിർമ്മാണവും എന്ന വലിയ പ്രോജക്ടിന് വേണ്ടി 01.07.18-ൽ 1.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് ഗുരുതരമായ ക്രമക്കേടുകൾ ആരോപിക്കപ്പെട്ടതിനാൽ വിജിലൻസ് അന്വേഷണം നടന്നു വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നാളിതുവരെ ഓഡിറ്റിന് വിധേയമാക്കാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. കൂടാതെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-5 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-12-2019 ൽ 3.45 പി.എം.-ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 484 രൂപയുടെ കാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	16/7/19	7/19	റിപ്പോർട്ട് ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19/5/18-30/5/18	2013-14 മുതൽ 2017-18 വരെ	LBA(HQ)11/8A-2672/18-19/ 268-03.12.2018

1-7 വാർഷിക കണക്കുകളുടെ അവലോകനം

തലനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പഞ്ചായത്തിൽ ലഭ്യമായ അടിസ്ഥാനരേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ അക്കൗണ്ട് സർട്ടിഫിക്കേഷൻ നടത്തിയിരുന്നു. ഓഡിറ്റ് കാലയളവിലും അവശേഷിക്കുന്ന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ലൈഫ് ഭവനപദ്ധതിയ്ക്കായി KURDFC യിൽ നിന്നും 2890592/- രൂപ വായ്പ എടുത്തിട്ടുണ്ട്. എന്നാൽ

വിശദാംശങ്ങൾ ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2. ബി7 ഷെഡ്യൂളിൽ ബിഡ്ഡേഴ്സ് EMD ഇനത്തിൽ നീക്കിയിരിപ്പ് 25158 രൂപയാണ്. എന്നാൽ ആയത് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
3. കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപം ഇനത്തിലെ ബാദ്ധ്യത 28801/- രൂപ 2012-13 മുതൽ നിലനിൽക്കുന്നതാണ്. എന്നാൽ വിശദാംശങ്ങൾ ലഭ്യമല്ല.
4. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ B-18 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
5. കുഴൽകിണർ നിർമ്മാണത്തിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ചിട്ടുള്ള 80442/- രൂപ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് (B11(a)) എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയത് നിർവ്വഹണ ഏജൻസിക്കുള്ള മുൻകൂർ (B-18) എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
6. വാർഷിക കണക്കു പ്രകാരം വസ്തുനികുതിയിനത്തിൽ പിരിഞ്ഞുകിട്ടാൻ ബാക്കി നിൽക്കുന്ന (B15) തുകകൾ സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. (പ്രയർ പീരിയഡ് ഇനത്തിൽ ക്രമീകരണം നടത്തി ഡിമാന്റ് തുകകൾ പൊരുത്തപ്പെടുത്തിയിട്ടുണ്ട്).
7. ആസ്തി രജിസ്റ്ററിൽ ഓരോ വർഷവും ആർജ്ജിച്ച ആസ്തികളുടെ സംഗ്രഹം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ മൂല്യശോഷണം കണക്കാക്കിയതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.
8. നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമായി നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
9. തൻവർഷം വരവിനങ്ങളിൽ കുടിശിക ആയിട്ടുള്ള തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-8 അക്കൗണ്ടുകളിൽ നിന്നും ബാങ്ക് ചാർജുകൾ ഈടാക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗത്തിലുള്ള താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും അക്കൗണ്ട് കീപ്പിംഗ് ചാർജ്, മിനിമം ബാലൻസ് സൂക്ഷിക്കാത്തതിനുള്ള പിഴ എന്നിവ ഈടാക്കിയതായി ബോധ്യപ്പെട്ടു.

അക്കൗണ്ട് വിവരങ്ങൾ	ഈടാക്കിയ ബാങ്ക് ചാർജിനം	ഈടാക്കിയ ബാങ്ക് ചാർജ്	തീയതി
എസ്ബിഐ ടൗൺ ബ്രാഞ്ച് അക്കൗണ്ട് (67388337388)	അക്കൗണ്ട് കീപ്പിംഗ് ചാർജ്	649	12/3/18
	അക്കൗണ്ട് കീപ്പിംഗ് ചാർജ്	649	12/3/19
എസ്ബിഐ തനതു ഫണ്ട് അക്കൗണ്ട് (33248008334)	അക്കൗണ്ട് കീപ്പിംഗ് ചാർജ്	632.50	12/3/17
	അക്കൗണ്ട് കീപ്പിംഗ് ചാർജ്	649	12/3/18
	അക്കൗണ്ട് കീപ്പിംഗ് ചാർജ്	597.50	12/3/19
	മിനിമം ബാലൻസ് സൂക്ഷിക്കാത്തതിന് ചാർജ്	590	31/10/19

പൊതുഫണ്ടുകളാണ് പ്രസ്തുത അക്കൗണ്ടുകളിലൂടെ വിനിമയം ചെയ്യപ്പെടുന്നത് എന്നതിനാൽ ഇപ്രകാരമുള്ള ചാർജുകൾ ഒഴിവാക്കി കിട്ടുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 2/19.12.19) ബാങ്ക് ചാർജസ് ഒഴിവാക്കി നൽകുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. അക്കൗണ്ടുകളിൽ നിന്നും ബാങ്ക് ചാർജ് ഇനത്തിൽ

തുക ഈടാക്കുന്നത് മൂലമുള്ള നഷ്ടം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-9 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊത്തിട്ടുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

1. മാവേലി സ്റ്റോർ, തലനാട്

2. കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ(5 എണ്ണം)

3. നീതി ലാബ്, തലനാട്

4. അന്നക്കുട്ടി സെബാസ്റ്റ്യൻ- കോഴി വളർത്തൽ ഷെഡ് (11/117 എ)

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.4/19.12.19) പ്രസ്തുത സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. താരതമ്യേന വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമുള്ള പഞ്ചായത്തിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-10 തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്ത് പരിധിയിലുള്ള റേഷൻ പൊതുവിതരണ കേന്ദ്രങ്ങൾ (5 എണ്ണം) നിലവിൽ തൊഴിൽ നികുതിയോ സ്ഥാപനതൊഴിൽ നികുതിയോ അടവാക്കാതെയാണ് പ്രവർത്തിച്ചു വരുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 3/19.12.19) തൊഴിൽ നികുതി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തൊഴിൽ നികുതിയിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-11 വസ്തു നികുതി അനർഹമായി ഇളവുകൾ നൽകിയിരിക്കുന്നത് സംബന്ധിച്ച്

വസ്തു നികുതി അസസ്മെന്റ് പരിശോധിച്ചതിൽ സർക്കാർ ഉത്തരവ് നം.144/15, 358/15 പ്രകാരം നികുതി ഇളവ് നൽകിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപെട്ടു. ഈ ഉത്തരവു പ്രകാരമുള്ള ആനുകൂല്യം 60 ച.മീറ്ററിൽ (660 സ്ക്വയർ ഫീറ്റ്) വരെ വിസ്തീർണമുള്ളതും ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിനു മാത്രമായി പരിമിതപ്പെടുത്തി സ.ഉ(എം.എസ്.) നം. 385/15 തീയതി 16.12.15 പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതിൽ നിന്നും വ്യതിചലിച്ച് നികുതി ഇളവ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/കെട്ടിട നം	സഞ്ചയ പ്രകാരം കെട്ടിട ഉടമ	തറ വിസ്തീർണം (ച.മീ)
1	12/35 എ	രാജൻ, ഓമന കൊഴവൻമാക്കൽ, തലനാട്	41.95

	12/35 ബി	രാജൻ, ഓമന കൊഴുവൻമാക്കൽ, തലനാട്	38.32
2	13/101 എ	തങ്കമ്മ , പടന്നമാക്കൽ, തലനാട്	44
	13/101	തങ്കമ്മ, പടന്നമാക്കൽ, തലനാട്	41.5

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/19.12.19) ക്രമ നം. 1 പ്രകാരമുള്ള കെട്ടിടങ്ങളിൽ ഒന്നിന് നികുതി കണക്കാക്കി നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. 13/101 എന്ന കെട്ടിടം പൊളിച്ചു നീക്കിയിട്ടുള്ളതാണെന്നും ഉടമയിൽ നിന്നും സത്യവാങ്മൂലം എഴുതി വാങ്ങി അസസ്മെന്റിൽ നിന്നും ഒഴിവാക്കുന്നതാണെന്നും വ്യക്തമാക്കി. നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 എൻ.പി.എസ്. വിഹിതം അടവാക്കിയിട്ടില്ല

ശമ്പള കുടിശിക നൽകിയ ഇനത്തിൽ സുനിത ശിവൻ (ഓഫീസ് അസിസ്റ്റന്റ്) വിൽസൺ മാത്യൂ (ക്ലർക്ക്) എന്നീ ജീവനക്കാരുടെ എൻ.പി.എസ്. വിഹിതം ഇനത്തിൽ അടവാക്കേണ്ട തുക ഈടാക്കിയതായി കാണുന്നില്ല .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരൻ	വൗച്ചർ നമ്പർ	അരിയർ കാലയളവ്	അരിയർ തുക	എൻ.പി.എസ്- വിഹിതം
സുനിത ശിവൻ (ഓഫീസ് അസിസ്റ്റന്റ്)	21800189/23.07.2018	27.07.17 മുതൽ 28.02.18 വരെ	12198	1219

എൻ.പി.എസ് വിഹിതം ഇനത്തിൽ അടവാക്കേണ്ട 1219/- രൂപ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13 ആവിഷ്കരിച്ച പദ്ധതികൾ ഭൂരിഭാഗവും നടപ്പാക്കിയില്ല - വിവിധ ഫണ്ടിനത്തിൽ ലഭിച്ച 61.24 ലക്ഷം രൂപ പാഴായി

വികസന ഫണ്ടും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളും വകയിരുത്തി പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങിയതും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കേണ്ടതുമായ പ്രോജക്ടുകളിൽ ഭൂരിഭാഗവും (91 എണ്ണവും) നടപ്പാക്കാത്തതിനാൽ പഞ്ചായത്തിന് വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമായ ഫണ്ടിലെ ഗണ്യമായ വിഹിതം പാഴായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വിവിധങ്ങളായ നിർമ്മാണ പ്രവൃത്തികൾക്കായി വികസനഫണ്ടിനത്തിൽ 9,81,284/- രൂപയും, കേന്ദ്രാവിഷ്കൃതഫണ്ടിനത്തിൽ 20,88,041/- രൂപയും വകയിരുത്തിയെങ്കിലും തുക ചെലവഴിക്കാനായില്ല. മറ്റിനങ്ങളിൽ വകയിരുത്തിയ തുകയിൽ 23.4% മാത്രമണ് ചെലവഴിക്കാനായത്.

ആവിഷ്കരിച്ചതിൽ വലിയശതമാനം പദ്ധതികൾ നടപ്പാക്കിയില്ല

ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം	ശതമാനം
106	15	14%

കാലവർഷക്കെടുതി - പുനർനിർമ്മാണപദ്ധതികൾപോലും നടപ്പാക്കിയില്ല

2018ലെ കാലവർഷക്കെടുതിയിലും ഉരുൾപൊട്ടലിലും തകർന്ന വിവിധ റോഡുകളുടെ മെയിന്റനൻസിനായി അടിയന്തിരസ്വഭാവമുള്ള പ്രവർത്തികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ 23.08.2018ലെ സർക്കാർ ഉത്തരവ് (സാധാ) നം 2313/2018 തസ്വഭവ പ്രകാരം അനുമതി ലഭിച്ചിരുന്നു. ഇതുപ്രകാരം മുൻപ് അംഗീകാരം

വാങ്ങിയിരുന്ന 15 പദ്ധതികൾ ഉപേക്ഷിച്ച് പുതുതായി അംഗീകാരം വാങ്ങിയ ഏഴ് പ്രോജക്ടുകളിൽ 4 പ്രോജക്ടുകൾ നടപ്പാക്കിയില്ല. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

പദ്ധതി നം.	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക
114/19	തകർന്ന ഞായർകുളം -മരവിക്കല്ല് റോഡ് നന്നാക്കൽ	817000
115/19	തകർന്ന വെള്ളാനി അമ്പലം റോഡ് നന്നാക്കൽ	100694
118/19	തകർന്ന ചോനമല മേലടുക്കം റോഡ് നന്നാക്കൽ, സംരക്ഷണ ഭിത്തി പുനർ നിർമ്മാണം	1203402
	ആകെ	2121096

പ്രളയവും മണ്ണിടിച്ചിലും മൂലം റോഡുകൾ തകർന്ന അവസ്ഥയിലാണെന്നും പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭ്യമല്ലാത്തതിനാൽ പദ്ധതികൾ ഉപേക്ഷിച്ച് പുതിയ പദ്ധതികൾക്കായി ഫണ്ട് ലഭ്യമാക്കാൻ 03/09/2018 ലെ അടിയന്തിരകമ്മറ്റിയുടെ 09(02) നമ്പരായി തീരുമാനമെടുത്തു എങ്കിലും പദ്ധതികൾ നടപ്പാക്കുന്നതിൽ ശ്രദ്ധപുലർത്തിയില്ല. പുതുതായി അംഗീകാരം വാങ്ങി പുനർനിർമ്മാണത്തിനായി രൂപീകരിച്ച പദ്ധതികൾ നടപ്പാക്കാതെ 21,21,096 /- രൂപ പാഴായി.

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 41 ലക്ഷത്തോളം രൂപ ക്യൂ ബില്ലിലായി

2018-19 വർഷം 25/03/2019-ൽ ട്രഷറിയിൽ സമർപ്പിച്ച 5 ബില്ലുകളും (ആകെ 954726) 27/03/2019 ൽ ട്രഷറിയിൽ സമർപ്പിച്ച 12 ബില്ലുകളും (ആകെ 3121842) ക്യൂ ബില്ലിലായി. ക്യൂ ബില്ലിലാകുന്ന ബില്ലുകൾ പ്രകാരമുള്ള ചെലവുകൾ 2019-20 വർഷത്തെ അലോട്ട്മെന്റിൽ നിന്നും കുറവ് ചെയ്യപ്പെട്ടതിനാൽ 2019-20 വർഷത്തെ വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ലഭ്യതയിൽ കുറവ് വരികയും ചെയ്യാനിടയാകും എന്നത് ശ്രദ്ധിക്കേണ്ടതാണ്.
മേൽ വിവരിച്ച പ്രകാരമുള്ള കാരണങ്ങളാൽ വിവിധ ഫണ്ടിനങ്ങളിൽ അലോട്ട് ചെയ്യപ്പെട്ടിരുന്ന തുകയിൽ വർഷാവസാനം 61.24 ലക്ഷം രൂപ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടും ക്യാരിഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ ടി തുക ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-14 ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് വേസ്റ്റ് ബിൻ നൽകൽ - വാങ്ങിയ ബിന്നുകൾ വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് നം.104/19

ചെലവ് - 299000(ബിൽ നം.6/13.6.18) (വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ - വി ഇ ഒ

ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് പ്ലാസ്റ്റിക്ക് അല്ലാത്ത വേസ്റ്റ്ബിൻ നൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക സൂചിപ്പിച്ച വള്ളൂപ്പറമ്പിൽ കയർസ്റ്റോഴ്സ് ഇൗരാറ്റുപേട്ട എന്ന സ്ഥാപനത്തിൽ നിന്ന് 480 വേസ്റ്റ് ബിന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ വിതരണം ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/19.12.19) യഥാസമയം ഗുണഭോക്തൃലിസ്റ്റ് ലഭിക്കാതിരുന്നതിനാലാണ് ബിന്നുകൾ വിതരണം ചെയ്യാതിരുന്നതെന്ന് മറുപടി നൽകി. നേരിട്ടുള്ള പരിശോധനയിൽ ഇവ കുടുംബശ്രീ ഓഫീസിനോടു ചേർന്നുള്ള മുറിയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. പ്രോജക്ട് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1)സർക്കാർ ഉത്തരവ് (എംഎസ്)22/2018 ത.സ്വ.ഭ.വ തീയതി 14.2.18 പ്രകാരമുള്ള സബ്സിഡി

മാർഗ്ഗരേഖയിൽ ഖര-ദ്രവമാലിന്യ സംസ്കരണപ്രോജക്ടുകളുടെ ഭാഗമായി ഗാർഹികതലത്തിൽ ബയോഗ്യാസ് പ്ലാന്റുകളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഹരിതകേരളം പദ്ധതിയിലും ഇത്തരം പ്രോജക്ടുകളാണ് ഏറ്റെടുത്തു നടപ്പാക്കാവുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി വ്യക്തിഗതഗുണഭോക്താക്കൾക്ക് വേസ്റ്റ്ബിൻ നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുത്തു നടപ്പാക്കിയത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

2)വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ മുൻകൂട്ടി നിശ്ചയിക്കാതിരുന്നതിനാലാണ് വാങ്ങിയ ബിന്നുകൾ വിതരണം ചെയ്യാൻ സാധിക്കാതെ വന്നത്. ഇത് പ്രോജക്ട് നിർവ്വഹണത്തിൽ സംഭവിച്ച ഗുരുതരമായ വീഴ്ചയാണ്.

3)പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി 2017-18 വർഷം നടപ്പാക്കിയ തുണിസഞ്ചി നൽകൽ പ്രോജക്ട് പ്രകാരം വാങ്ങിയ തുണിസഞ്ചികളിൽ ഭൂരിഭാഗവും വിതരണം ചെയ്യാതെ ബിന്നുകൾ സൂക്ഷിച്ചിരിക്കുന്ന അതേ മുറിയിൽത്തന്നെ സൂക്ഷിച്ചിട്ടുണ്ട്. തുടർച്ചയായ വർഷങ്ങളിൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് വാങ്ങലുകൾ നടത്തി ശേഖരിച്ച സാമഗ്രികൾ പ്രയോജനരഹിതമായി കൂട്ടിയിട്ടിരിക്കുന്ന സാഹചര്യം നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അധികൃതരുടെയും അലംഭാവം വെളിപ്പെടുത്തുന്നു. ടി നടപടി വികസന ഫണ്ടിന്റെ വ്യക്തമായ ദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു.

പ്രോജക്ട് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാലും വാങ്ങിയ ബിന്നുകൾ വിതരണം ചെയ്യാത്ത സാഹചര്യത്തിലും ഭൗതികനേട്ടം കൈവരിച്ചിട്ടില്ലാത്തതിനാലും പ്രോജക്ടിനു ചെലവഴിച്ച 2,99,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
തുടർനടപടികളിലൂടെയും മോണിറ്ററിംഗിലൂടെയും പ്രോജക്ടിന്റെ ഭൗതികനേട്ടം കൈവരിച്ച വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം വ്യക്തമായ ദുർവിനിയോഗമായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

1-15 പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്ട് നം. 103/19

ചെലവ് - 4,40,000(ടി എസ് പി ഫണ്ട്)

ബിൽ നം.5/8.6.18 – 148000

ബിൽ നം. 29/23.3.19 – 2,96,000

നിർവ്വഹണോദ്യോഗസ്ഥൻ - വി ഇ ഒ

മേൽപ്പറഞ്ഞ പ്രോജക്ട് പ്രകാരം 06/18ലെ ബിൽ പ്രകാരം 5 എണ്ണവും 03/19ലെ ബിൽ പ്രകാരം 10 എണ്ണവും എന്ന കണക്കിൽ രണ്ടു ഘട്ടങ്ങളിലായി 15 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടർവേൾഡ്, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്ന് 29600/- രൂപ നിരക്കിലാണ് ലാപ്ടോപ്പുകൾ വാങ്ങിയത്. എന്നാൽ ഇതേ വർഷം തന്നെ പഞ്ചായത്ത് നടപ്പാക്കിയ എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ടിന് (പ്രോജക്ട് നം.25/19) ഇതേ സ്ഥാപനം തന്നെ 23900/- രൂപയ്ക്ക് ലാപ്ടോപ്പുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. വിലയിലുള്ള വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രോജക്ട് നം 103/19 സ്പിൽഓവർ പ്രോജക്ടായാണ് നടപ്പാക്കിയതെന്നും 2017-18 വർഷം ടെണ്ടർ ക്ഷണിച്ചപ്പോൾ സ്ഥാപനം സൂചിപ്പിച്ച അതേ നിരക്കിൽത്തന്നെയാണ് 2018-19 വർഷവും സപ്ലൈ ചെയ്തത് എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥനായ വി ഇ ഒ നൽകിയ വിശദീകരണം. എന്നാൽ രണ്ടു പ്രോജക്ടുകൾക്കും പർച്ചേസ് ഓർഡർ നൽകിയത് 16.2.19 തീയതിയിലാണ്. സ്പിൽഓവർ പ്രോജക്ടായാണ് നടപ്പാക്കിയതെങ്കിലും ഒരേ ഉദ്ദേശ്യത്തിനു വേണ്ടി ഒരേ സ്ഥാപനത്തിൽ നിന്ന് വാങ്ങുന്ന സാധനം എന്ന നിലയിൽ വിലയിലുള്ള വ്യത്യാസം നെഗോഷ്യേറ്റ് ചെയ്യാൻ ശ്രമിച്ചിട്ടില്ല. ലാപ്ടോപ്പുകളുടെ വാങ്ങലിൽ ഒരെണ്ണത്തിന് 5700/- രൂപ (29600-23900) നിരക്കിൽ 15 എണ്ണത്തിന് 85500/- രൂപ അധികം നൽകേണ്ടി വന്നിട്ടുണ്ട്. ഇപ്രകാരം അധികനിരക്ക് നൽകേണ്ടി വന്ന സാഹചര്യം വ്യക്തമായി വിശദീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ 85500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആദ്യഘട്ടത്തിൽ വാങ്ങിയ 5 ലാപ്ടോപ്പുകൾക്ക് അധികം നൽകിയ

28,500/- രൂപ (5700x5) ഇക്കാലയളവിലെ വി.ഇ.ഒ. ആയ ശ്രീ.സജിത് ഡി.യിൽ നിന്നും രണ്ടാമതു നൽകിയ 10 ലാപ്ടോപ്പുകൾക്ക് അധികം നൽകിയ 57,000/- രൂപ വി.ഇ.ഒ. ശ്രീ.ഷാൻകുമാർ കെ.പി.യിൽ നിന്നും ഈടാക്കേണ്ടതാണ്.

പഠനം പൂർത്തീകരിച്ചർക്ക് ലാപ് ടോപ്പ് നൽകി

മേല്പറഞ്ഞ പ്രോജക്ട് പ്രകാരം 3 ഗുണഭോക്താക്കൾക്ക് അദ്ധ്യയനകാലയളവ് പൂർത്തീകരിച്ചതിനു ശേഷമാണ് ലാപ് ടോപ്പ് നൽകിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	വിശദാംശങ്ങൾ
ക്രിസ്റ്റീന വി ജെ വെള്ളാനിശ്ശേരിൽ	30.3.17ൽ പ്രിൻസിപ്പൽ നൽകിയ സാക്ഷ്യപത്രപ്രകാരം പാലാ അൽഫോൻസാ കോളേജിൽ രണ്ടാം വർഷ ഡിഗ്രി വിദ്യാർത്ഥിനിയാണ്. 30.3.18 ൽ പഠനകാലയളവ് പൂർത്തീകരിച്ചു.
നിഖിൽ കെ ജി	28.3.17ൽ പ്രിൻസിപ്പൽ നൽകിയ സാക്ഷ്യപത്രപ്രകാരം മേലുകാവ് ഹെൻട്രി ബേക്കർ കോളേജിൽ രണ്ടാം വർഷ ഡിഗ്രി വിദ്യാർത്ഥിനിയാണ്. 30.3.18 ൽ പഠനകാലയളവ് പൂർത്തീകരിച്ചു.
കിരൺ ജസ്റ്റിൻ ജോസഫ്	28.3.18ൽ പ്രിൻസിപ്പൽ നൽകിയ സാക്ഷ്യപത്രപ്രകാരം മണർകാട് സെന്റ് മേരീസ് കോളേജിൽ രണ്ടാം വർഷ എം.എ വിദ്യാർത്ഥിയാണ്. 30.3.19 ൽ പഠനകാലയളവ് പൂർത്തീകരിച്ചു.

27.3.19 തീയതിയിലാണ് ഗുണഭോക്താക്കൾ ലാപ്ടോപ്പ് കൈപ്പറ്റിയിരിക്കുന്നത്. പഠനകാലയളവിനു ശേഷം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയത് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് എതിരാണ്. ആയതിനാൽ ഇൗ നടപടിയ്ക്ക് സർക്കാരിന്റെ സാധൂകരണം വാങ്ങേണ്ടതാണ്. സാധൂകരണം ലഭിക്കുന്നതു വരെ 3 ലാപ്ടോപ്പുകളുടെ വിലയായ 88800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല

ലാപ്ടോപ്പ് കൈപ്പറ്റിയ എബിൻ സജി, വട്ടക്കല്ലുങ്കൽ എന്ന ഗുണഭോക്താവ് വിദ്യാർത്ഥിയാണെന്നതിന് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പട്ടികവർഗ്ഗവികസനവകുപ്പിൽ നിന്ന് മുൻപ് ലാപ്ടോപ്പ് അനുവദിച്ചു നൽകിയിട്ടില്ല എന്നതിന് പട്ടികവർഗ്ഗവികസനഓഫീസറുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല. അർഹത തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ ലാപ്ടോപ്പിന്റെ വിലയായ 29600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 ഗ്രാമസഭ അംഗീകരിക്കാത്ത വ്യക്തികൾക്ക് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു

2018-19 വർഷം വെറ്ററിനറി സർജൻ നടപ്പാക്കിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം (നം.123/19) എന്ന പദ്ധതിയിൽ ഗ്രാമസഭ അംഗീകരിച്ച് അച്ചടിച്ച് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽപെടാത്ത വ്യക്തികൾക്ക് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. 45 ദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഒന്നിന് 100/- രൂപ നിരക്കിൽ ബിൽ നം. 7/18-19 തീയതി 21.03.2019 പ്രകാരം എം & എം ഫാം അമ്പലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി ആകെ 49 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യുകയായിരുന്നു (ആകെ തുക 49,000/-). ഗ്രാമസഭ അംഗീകരിച്ച് അച്ചടിച്ച് തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിന് പുറമെ സെക്രട്ടറി പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന് താഴെപ്പറയുന്ന ആളുകളുടെ ലിസ്റ്റ് കൂടി നൽകിയിരുന്നു. സെക്രട്ടറിയുടെ ഈ നടപടി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 4.8.03ലെ സർക്കുലർ നം.34704/ഡി.പി.1/2003 പ്രകാരം ഒരിക്കൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റംവരുത്താൻ പാടില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ വിവരം	വാർഡ് നം	കൈപ്പറ്റിയ മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം	മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വില
1	ഉഷാ സി.ജി., കൊച്ചു പറമ്പിൽ	1	10	1000
2	ബിൻസിമോൾ കുരുവംപ്ളാക്കൽ	3	10	1000
3	ഫ്രഡി സാം പാറയ്ക്കൽ	1	10	1000
4	അന്നമ്മ കുഞ്ഞമണി പായിപ്പാട്ട്	1	10	1000
5	ഉഷാകുമാരി മുത്തനാനിക്കൽ	3	10	1000
	ആകെ			5000

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് അച്ചടിച്ച് തയ്യാറാക്കിയിരുന്നു. ഇതിന് പുറമെ മറ്റൊരു ഗുണഭോക്തൃ ലിസ്റ്റ് കൂടി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയതായി കാണുന്നു. പ്രസ്തുത നടപടി ക്രമപ്രകാരമല്ല. ഇതിന്മേൽ ഗ്രാമസഭയുടെ സാധൂകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-17 എസ് എസ് എ വിഹിതം നൽകൽ - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം.	1/19 എസ് എസ് എ (ജനറൽ)
അടങ്കൽ	150000(വികസനഫണ്ട് പൊതുവിഭാഗം) ബിൽ നം.3/4.6.18
പ്രോജക്ട് നം.	10/19(എസ് സി പി)
ചെലവ്	50,000 ബിൽ നം.4/4.6.18
പ്രോജക്ട് നം. ചെലവ്	11/19(ടി എസ് പി) 100000/- ബിൽ നം.5/4.6.18

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.യ്ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തീയതി 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 07.6-3-ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചതായി വ്യക്തമല്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ ഇടപെടലുകൾ നടത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഏതൊക്കെ സ്കൂളുകൾക്കായാണ് തുക നൽകിയത് എന്നതിന്റെ വിശദാംശങ്ങൾ, വിശദമായ പ്രോജക്ടുകളുടെ രൂപരേഖ, വിശദമായ വിനിയോഗ സാക്ഷ്യപത്രം കൃത്യമായ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന് എസ് സി പി, ടി എസ് പി ഫണ്ട് വകയിരുത്തുമ്പോൾ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാവണം എന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയാണ് തുക നൽകിയിരിക്കുന്നത്.

മേൽ അപാകതകൾ കാരണം 3,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-18 നിക്ഷേപപ്രവൃത്തി - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം.141/19

ചെലവ് - 80442(വികസനഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

പഞ്ചായത്തിലെ വാർഡ് 9-ൽ കുഴൽകിണർ നിർമ്മാണത്തിനു വേണ്ടി 80442/- രൂപ ബിൽ നം. 45/22.3.19 പ്രകാരം പിൻവലിച്ച് ജില്ലാ ഓഫീസർ, ഭൂജലവകുപ്പ് കോട്ടയം പേർക്ക് നിക്ഷേപിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗ/പ്രോജക്ടിന്റെ പൂർത്തീകരണവിവരങ്ങൾ പരിശോധനയ്ക്കു ലഭിച്ചിട്ടില്ല. വിനിയോഗ/പൂർത്തീകരണവിവരങ്ങളുടെ അഭാവത്തിൽ 80442/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 ആശ്രയപദ്ധതി - സി ഡി എസിനു കൈമാറിയ തുക ചെലവഴിച്ചിട്ടില്ല

പ്രോജക്ട് നം. 28/19

ചെലവ് - 3,00,000/- (വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ - വി ഇ ഒ

ആശ്രയപദ്ധതിയുടെ നടത്തിപ്പിനു വേണ്ടി സി ഡി എസിനു കൈമാറിയ 3,00,000/- രൂപ (ബിൽ നം. 8/30.6.18)വിനിയോഗിക്കാതെ അക്കൗണ്ടിൽ ശേഷിക്കുന്നു. മുൻ വർഷങ്ങളിൽ കൈമാറിയ 2,50,000/- രൂപ ഉൾപ്പടെ ആകെ 5,50,000/- രൂപയാണ് ഇപ്രകാരം വിനിയോഗിക്കാതെ സി ഡി എസ് അക്കൗണ്ടിൽ ശേഷിക്കുന്നത്. വികസനഫണ്ട് നിഷ്ക്രിയമായി മറ്റ് അക്കൗണ്ടുകളിൽ ശേഷിക്കുന്നത് ശരിയായ നടപടിയല്ല. മതിയായ ഫണ്ട് ലഭ്യമായിട്ടും അടിസ്ഥാന ജനവിഭാഗങ്ങളുടെ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കാൻ കഴിയാത്ത അവസ്ഥ ആശാസ്യമല്ല. തുക പദ്ധതി നടത്തിപ്പിന് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുയോ ചെയ്യേണ്ടതാണ്.
ഗ്രാമപഞ്ചായത്തിൽ 'അഗതിരഹിത കേരളം' പദ്ധതിയിൽ 138 കുടുംബങ്ങളാണുള്ളത്. പദ്ധതിക്കായി യൂണിയൻ ബാങ്ക് ഈരാറ്റുപേട്ട ശാഖയിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ടിൽ വികസനഫണ്ടിനു പുറമേ ചലഞ്ച് ഫണ്ടും പലിശയും ചേർത്ത് 11,38,045/- രൂപ ശേഷിക്കുന്നുണ്ട്. 10/19 മുതൽ പദ്ധതി നടപ്പാക്കി വരുന്നതായി അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതും പുരോഗതി വിവരം അറിയിക്കേണ്ടതുമാണ്.

1-20 ലൈഫ് പദ്ധതി - അവലോകനം

ഗുണഭോക്താക്കളുടെ എണ്ണം	27
പൊതുവിഭാഗം	21
പട്ടികജാതി	4

പട്ടികവർഗം	2
നാളിതുവരെ പൂർത്തിയാക്കിയ വീടുകളുടെ എണ്ണം	17
ചെലവ്	
വികസനഫണ്ട് വിഹിതം ജനറൽ എസ് സി എസ് ടി	1394600 362800 800000
ബ്ലോക്ക്പഞ്ചായത്ത് വിഹിതം ജനറൽ എസ് സി	450000 265272
ജില്ലാപഞ്ചായത്ത് വിഹിതം ജനറൽ എസ് സി	489408 131928
ലോൺ വിഹിതം ജനറൽ എസ് സി	2470592 1100000
ആകെ ചെലവുതുക	6704600

നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനും ധനസഹായം കൊടുക്കുവാൻ ബാക്കി നിൽക്കുന്നവർക്ക് അർഹമായ തുകകൾ സമയബന്ധിതമായി കൈമാറുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്റ്റ് നം. 103/19

ചെലവ് - 4,40,000(ടി എസ് പി ഫണ്ട്)

ബിൽ നം.5/8.6.18 – 148000

ബിൽ നം. 29/23.3.19 – 2,96,000

നിർവ്വഹണോദ്യോഗസ്ഥൻ - വി ഇ ഒ

മേൽപ്പറഞ്ഞ പ്രോജക്റ്റ് പ്രകാരം 06/18ലെ ബിൽ പ്രകാരം 5 എണ്ണവും 03/19ലെ ബിൽ പ്രകാരം 10 എണ്ണവും എന്ന കണക്കിൽ രണ്ടു ഘട്ടങ്ങളിലായി 15 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടർവേൾഡ്, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്ന് 29600/- രൂപ നിരക്കിലാണ് ലാപ്ടോപ്പുകൾ വാങ്ങിയത്. എന്നാൽ ഇതേ വർഷം തന്നെ പഞ്ചായത്ത് നടപ്പാക്കിയ എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്റ്റിന് (പ്രോജക്റ്റ് നം.25/19) ഇതേ സ്ഥാപനം തന്നെ 23900/- രൂപയ്ക്ക് ലാപ്ടോപ്പുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. വിലയിലുള്ള വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രോജക്റ്റ് നം 103/19 സ്പിൽഓവർ പ്രോജക്റ്റായാണ് നടപ്പാക്കിയതെന്നും 2017-18 വർഷം ടെണ്ടർ ക്ഷണിച്ചപ്പോൾ സ്ഥാപനം സൂചിപ്പിച്ച അതേ നിരക്കിൽത്തന്നെയാണ് 2018-19 വർഷവും സപ്ലൈ ചെയ്തത് എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥനായ വി ഇ ഒ നൽകിയ വിശദീകരണം. എന്നാൽ രണ്ടു പ്രോജക്റ്റുകൾക്കും പർച്ചേസ് ഓർഡർ നൽകിയത് 16.2.19 തീയതിയിലാണ്. സ്പിൽഓവർ പ്രോജക്റ്റായാണ് നടപ്പാക്കിയതെങ്കിലും ഒരേ ഉദ്ദേശ്യത്തിനു വേണ്ടി ഒരേ സ്ഥാപനത്തിൽ നിന്ന് വാങ്ങുന്ന സാധനം എന്ന നിലയിൽ വിലയിലുള്ള വ്യത്യാസം നെഗോഷ്യേറ്റ് ചെയ്യാൻ ശ്രമിച്ചിട്ടില്ല. ലാപ്ടോപ്പുകളുടെ വാങ്ങലിൽ ഒരെണ്ണത്തിന് 5700/- രൂപ (29600-23900) നിരക്കിൽ 15 എണ്ണത്തിന് 85500/- രൂപ അധികം നൽകേണ്ടി വന്നിട്ടുണ്ട്. ഇപ്രകാരം അധികനിരക്ക് നൽകേണ്ടി വന്ന സാഹചര്യം വ്യക്തമായി വിശദീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ 85500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആദ്യഘട്ടത്തിൽ വാങ്ങിയ 5 ലാപ്ടോപ്പുകൾക്ക് അധികം നൽകിയ 28,500/- രൂപ (5700x5) ഇക്കാലയളവിലെ വി.ഇ.ഒ. ആയ ശ്രീ.സജിത് ഡി.യിൽ നിന്നും രണ്ടാമതു നൽകിയ 10 ലാപ്ടോപ്പുകൾക്ക് അധികം നൽകിയ 57,000/- രൂപ വി.ഇ.ഒ. ശ്രീ.ഷാൻകുമാർ കെ.പി.യിൽ നിന്നും ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2018-19	24/5/19-25/5/19	കെഎസ്എ കെടിഎം പി.14/777/19 തീ. 3.6.2019

4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	11.12.18	100000	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-(പ്രോജക്റ്റ് നം 33)	100000	0
ബ്ലോക്ക് പഞ്ചായത്ത്	11.12.18	75000	ശാരീരിക മാനസിക വെല്ലുവിളി	75000	0

			നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം 107)		
ജില്ലാ പഞ്ചായത്ത്	11.12.18	75000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം 107)	75000	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

പ്രോജക്ട് നം.141/19 പ്രകാരം വികസനഫണ്ടിൽ നിന്ന് 80,442/- രൂപ കുഴൽ കിണർ നിർമ്മാണത്തിന് ഭൂജലവകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവോ തിരിച്ചടവോ ഇല്ല.

4-6 സ്ഥിര നിക്ഷേപം

ഗ്രാമ പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

തൻ വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ)	3,02,69,425.5
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	2,56,42,657
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	85,500
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	7,68,242

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	28,500	ശ്രീ.സജിത് ഡി., വി.ഇ.ഒ.
	57,000	ശ്രീ.ഷാൻകുമാർ കെ.പി., വി.ഇ.ഒ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	2,99,000	ശ്രീ. സജിത് ഡി., വി ഇ ഒ
1-15	88,800	ശ്രീ. ഷാൻ കുമാർ കെ.പി., വി ഇ ഒ
1-17	3,00,000	ശ്രീ. രാരാരാജ് ആർ, സെക്രട്ടറി
1-18	80,442	ശ്രീ രാരാരാജ് ആർ, സെക്രട്ടറി
ആകെ	7,68,242	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.സജിത് ഡി.	വി.ഇ.ഒ., അറക്കുളം ഗ്രാമപഞ്ചായത്ത് തലനാട് ഗ്രാമപഞ്ചായത്ത്	ചീനിവിള, ഇരട്ടച്ചിറ പുളിമാത്ത് പി.ഒ., കിളിമാനൂർ
ശ്രീ ഷാൻ കുമാർ കെ.പി.	വി ഇ ഒ, റാന്നി ബ്ലോക്ക് പഞ്ചായത്ത്	കളത്തിൽ, മുക്കട പി.ഒ., പൊന്തംപുഴ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98	എൽ.എഫ്.കെ.പി2/228/16/30.3.2016
1998-99(ചെലവ്)	കെ.എസ്.എ-കെ.ടി.എം.പി.2-229/16/30.3.16
1998-99(വരവ്)	എൽ.എഫ്.കെ.പി3/1533/07/14.7.08
1999-00(ചെലവ്)	എൽ.എഫ്.കെ.പി2- 314/16/31.3.2016
2000-01, 2001-02 (പ്ലാൻ)	എൽ.എഫ്.കെ.പി2-278/അദാ.14(5)/26.11.2014

2000-01(വരവ്)	എൽ.എഫ്.കെ.പി2-278/അദാ.14(4)/26.11.2014
2002-03(ചെലവ്)	എൽ.എഫ്.കെ.പി2- 232/16/1.4.2016
2002-03(വരവ്)	എൽ.എഫ്.കെ.പി2- 1300/11/26.3.12
2003-04	എൽ.എഫ്.കെ.പി2- 439/15(2)/2.9.15
2004-05	എൽ.എഫ്.കെ.പി2- 439/15(3)/2.9.15
2005-06	എൽ.എഫ്.കെ.പി2- 439/15(4)/2.9.15
2006-07	എൽ.എഫ്.കെ.പി2- 439/15(5)/2.9.15
2007-08	എൽ.എഫ്.കെ.പി2- 439/15(6)/2.9.15
2008-09	എൽ.എഫ്.കെ.പി2-1306/11/27.3.2012
09-10, 10-11,11-12	എൽ.എഫ്.കെ.പി2-439/15(7)/ 2.9.2015
2012-13, 2013-14	എൽ.എഫ്.കെ.പി2- 1262/15/7.10.15
2014-15	കെ.എസ്.എ-കെ.ടി.എം.പി.2-1125/16/3.8.2016
2015-16	കെ.എസ്.എ-കെ.ടി.എം.പി.2/1839/16/8.12.16
2016-17	നം.കെ.എസ്.എ-കെ.ടി.എം.പി14/1343/2017/08.09.2017
2017-18	നം.കെ.എസ്.എ.-കെ.ടി.എം.പി.14/304/2019/26.04.2019

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

കെഎസ്എ കെടിഎം പി14/1959/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 15.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **തലനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തലനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം